നമ്പർ. ജി4/2341/റ്റിസി/2013

ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്, കേരളം,
രണ്ടാം നില, ട്രാൻസ് ടവേഴ്സ്, വഴുതക്കാട്, തിരുവനന്തപുരം-14,
[☎0471-2333337/2333317 ഫാക്സ് 0471-2333314]
www.keralamvd.com [ഇ-മെയിൽ - tcoffice@keralamvd.gov.in ]

തീയ്യതി, 11.10.2013

പ്രേഷിതൻ,

ട്രാൻസ്പോർട്ട് കമ്മീഷണർ,
തിരുവനന്തപുരം.

സ്വീകർത്താവ് ,

എല്ലാ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാർ,
എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർ,
എല്ലാ ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർ,
എല്ലാ മോട്ടോർ വെഹിക്കിൾസ് ഇൻസ്പെക്ടർമാർ (ചെക്ക് പോസ്റ്റ് ഉൾപ്പെടെ),
എല്ലാ അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾസ് ഇൻസ്പെക്ടർമാർ (ചെക്ക് പോസ്റ്റ് ഉൾപ്പെടെ),

സർ,

വിഷയം :- ***മോട്ടോർ വാഹന വകുപ്പ്*** — ഓഫീസുകളിലെ ഏജന്റുമാരുടെ അനാവശ്യ ഇടപെടലുകൾ തടയുന്നതിനും കൗണ്ടറുകളുടെ സുഗമമായ പ്രവർത്തനം നടത്തുന്നതിനുമുള്ള നിർദ്ദേശങ്ങൾ - സംബന്ധിച്ച്.

സൂചന :- ഇല്ല

മോട്ടോർ വാഹന വകുപ്പിന്റെ കീഴിലുള്ള ഓഫീസുകളിൽ ഏജന്റുമാരുടെ ഇടപെടൽ തടയുന്നതിനും ഓഫീസുകളുടെയും കൗണ്ടറുകളുടെയും പ്രവർത്തനം സുഗമമാക്കുന്നതിനും അനേകം നിർദ്ദേശങ്ങൾ ഈ ഓഫീസിൽ നിന്നും ഇതിനകം നൽകിയിട്ടുള്ളതാണ്. എന്നാൽ പല ഓഫീസുകളിലും ഏജന്റുമാർ നിർബാധം പ്രവർത്തനം തുടരുന്നതായിട്ടാണ് അറിയാൻ കഴിയുന്നത്. കഴിഞ്ഞ ദിവസം ഒരു സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസിൽ വിജിലൻസ് വിഭാഗം പരിശോധന നടത്തിയപ്പോൾ കൗണ്ടറിൽ ക്യൂവിലുണ്ടായിരുന്ന ഒരു ഏജന്റിൽ നിന്നും വിവിധ ആളുകളുടെ പേരിലുള്ള 16 അപേക്ഷകളും 71,000 രൂപയും കണ്ടെത്തുകയുണ്ടായി. ഒരു ഡ്രൈവിംഗ് സ്കൂളുകാരന്റെ സഹായിയിൽ നിന്നും വേറെ ഒരാളുടെ പേരിലുള്ള വാഹനത്തിന്റെ രജിസ്ട്രേഷൻ അപേക്ഷയും 3 ലക്ഷത്തിൽപരം രൂപയും, അതുപോലെ ഫാൻസി രജിസ്ട്രേഷൻ നമ്പർ ശരിയാക്കി കൊടുക്കാനെന്ന പേരിൽ ഓഫീസിൽ സ്ഥിരമായി ചുറ്റിക്കറങ്ങുന്ന ഒരാളെയും കാണപ്പെട്ടതായി കണ്ടിരിക്കുന്നു. ഇത് സൂചിപ്പിക്കുന്നത് മോട്ടോർ വാഹന വകുപ്പിന്റെ പല ഓഫീസുകളിലും മദ്ധ്യവർത്തികളുടെ പ്രവർത്തനം യാതൊരു തടസ്സവുമില്ലാതെ നടന്നു വരുന്നു എന്നതാണ്.

ഭരണഭാഷ — മാതൃഭാഷ

പൊതു ജനങ്ങൾക്ക് ലഭിക്കേണ്ട സേവനങ്ങൾ എളുപ്പത്തിലും സുതാര്യവുമായി നൽകാൻ സർക്കാരും വാഹന വകുപ്പും ഓൺലൈൻ സേവനങ്ങൾ അടക്കം പല നൂതന സംവിധാനങ്ങളും ഏർപ്പെടുത്തിയിരിക്കുന്ന ഈ അവസരത്തിലും പൊതു ജന ചൂഷകരും വകുപ്പിന് പേര് ദോഷം ഉണ്ടാക്കുന്നവരുമായ മദ്ധ്യവർത്തികൾക്ക് കൂട്ട് നിൽക്കുന്ന ചില ഉദ്യോഗസ്ഥന്മാരുടെ പ്രവണത ഒട്ടും തന്നെ ആശാസ്യമല്ല.

ഈ വിഷയത്തിൽ ഈ ഓഫീസിൽ നിന്നും നിരന്തരമായ നിർദ്ദേശങ്ങൾ നൽകിയിട്ടും പല ഉദ്യോഗസ്ഥരും ഈ നിർദ്ദേശങ്ങളൊന്നും ഒട്ടും പാലിക്കുന്നില്ല എന്ന് വ്യക്തമാണ്. ആയതിനാൽ മേലിൽ ഇത്തരം പ്രവണതകൾക്ക് കൂട്ട് നിൽക്കുന്നറ്റ് ഉദ്യോഗസ്ഥരുടെ പേരിൽ കടുത്ത അച്ചടക്ക നടപടികൾ എടുക്കുന്നതാണ്. കൗണ്ടറുകളിൽ അപേക്ഷകൾ സ്വീകരിക്കുന്ന വിഷയത്തിൽ ഈ ഓഫീസിൽ നിന്നും നൽകിയിട്ടുള്ള നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി പ്രവർത്തിക്കുന്ന കൗണ്ടർ ക്ലാർക്ക്, അവരുടെ സൂപ്പർവൈസറി ഓഫീസർ, ഓഫീസ് മേധാവി എന്നിവരുടെ പേരിൽ സസ്പെൻഷൻ അടക്കമുള്ള അച്ചടക്ക നടപടികൾ എടുക്കുന്നതായിരിക്കുമെന്ന് ഇതിനാൽ അറിയിക്കുന്നു.

വിശ്വസ്തതയോടെ,
ഒപ്പ്
ട്രാൻസ്പോർട്ട് കമ്മീഷണർ

---

അംഗീകാരത്തോടെ,

ജൂനിയർ സൂപ്രണ്ട്.
08.X.12

എസ്.എം.